# **കേരളസർക്കാർ**

## **സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്-നഗരഗ്രാമാസൂത്രണ വകുപ്പിലെ അസി.ടൗൺ പ്ലാനറായ ശ്രീമതി മിനി മേരി വർഗ്ഗീസിന് അനുവദിച്ച ശൂന്യ വേതനാവധിയുടെ ശേഷിച്ച ഭാഗം റദ്ദ് ചെയ്ത് തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

## **തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധാ)നം.** 909 /2016/**ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം**29 /02/16

പരാമർശം -1. 10/06/1996 ലെ സ.ഉ(സാധാ)നം.2093/96/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

2.. 10/07/2001 ലെ സഉ(സാ.ധാ)നം.2286/06/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

3. 23/06/2006 ലെ സ.ഉ(സാ.ധ)നം. 1496/06/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

4. 20/08/14 ലെ സ.ഉ(സാ.ധാ)നം. 2160/14/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

5. ശ്രീമതി.മിനി മേരിവർഗീസി -ന്റെ 4-01-2016-ലെഅപേക്ഷ

6. മുഖ്യനഗരാസൂത്രകന്റെ 09/02/16 ലെ എ 5/6882/14 നമ്പർ കത്ത്.

## **<u>ഉത്തരവ്</u>**

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം നഗരാസൂത്രണ വകുപ്പിലെ അസി.ടൗൺ പ്ലാനറായ ശ്രീമതി മിനി മേരി വർഗ്ഗീസിന് 5 വർഷത്തേയ്ക്ക് ശൂന്യ വേതനാവധി അനുവദിക്കുകയും ടിയാൾ 13/06/1996 മുതൽ ടി അവധിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. തുടർന്ന് ടിയാൾക്ക് മേൽ പരാമർശം രണ്ട്,മൂന്ന്,നാല് എന്നിവ പ്രകാരം12-06-2016 വരെ അവധി ദീർഘിപ്പിച്ച് നല്കുകയുണ്ടായി. പരാമർശം ആറിലെ മുഖ്യനഗരാസൂത്രകന്റെ കത്തിൽ ശ്രീമതി മിനി മേരി വർഗ്ഗീസ് ടിയാളുടെ ശൂന്യ വേതനാവധിയുടെ കാലാവധി അവസാനിക്കുന്നതിനു മുമ്പായി ശേഷിച്ച അവധി കാലയളവ് റദ്ദ് ചെയ്ത് തിരികെ ജോലിയിൽ പ്രവേശിക്കുവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും; ആയതു പ്രകാരം ടിയാളെ ജോലിയിൽ തിരികെ പ്രവേശിക്കുവാൻ അനുവദിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ ടിയാളുടെ ശേഷിച്ച അവധി കാലയളവ് റദ്ദ് ചെയ്ത് തിരികെ ജോലിയിൽ പ്രവേശിക്കുവാൻ അനുവാദം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.മുഖ്യനഗരാസൂത്രകൻ ടിയാൾക്ക് അടിയന്തിരമായി നിയമന ഉത്തരവ് നല്കേണ്ടതുമാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.**

രമേശൻ.എം.കെ

ഡെപ്യൂട്ടി സെക്രട്ടറി

മുഖ്യനഗരാസൂത്രകൻ തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

ശ്രീമതി. മിനി മേരി വർഗ്ഗീസ് , അസി.ടൗൺ പ്ലാനർ,

നഗരഗ്രാമാസൂത്രണ വകുപ്പ്.(മുഖ്യനഗരാസൂത്രകൻ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ